(സി) അരുവിക്കരയിലെ ഖാദിയും ഗ്രാമവ്യവസായവും സഹകരണ സംഘവും നമ്പർ 3957-ന്റെ പേരിൽ പണാപഹരണക്കുറ്റം തെളിഞ്ഞിട്ടുണ്ടോ; തുക എന്താണ്" ;

(ഡി) ഈ തുക ഈടാക്കുവാനുള്ള ജപ്തി നടന്നിട്ട് കാലമെന്തായി; അവാർഡു അനുസരിച്ചുള്ള തുക ഈടാക്കിക്കൊടുക്കുവാനുള്ള മുമതല ഏതു ഉദ്യോഗസ്ഥനാണ്" ; അപ്രകാരം ഒരുദ്യോഗസ്ഥൻ നിയമിക്കപ്പെട്ടിട്ടില്ലെന്ന സർവ്വണ്മെൻറിനറിവുണ്ടോ ;

(ഇ) സംഘംവക റിക്കാർഡുകളും പണാപഹരണക്കാരനായ മുൻ പ്രസിഡൻറിന്റെ പക്കൽനിന്നും പിടിച്ചെടുത്തു", പുതിയ സംഘം ഭരണ സമിതിയെ ഏൽപ്പിച്ചുകൊടുക്കാൻ കാലതാമസം ഉണ്ടാകുന്നു" എന്തുകൊണ്ടാണ്" ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ) to (ഇ) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

ഭക്ഷിണ ഭക്ഷ്യമേഖല.

* 1457. [15] ശ്രീ. കെ. എം. ജോർജ്ജ്" : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഭക്ഷിണഭക്ഷ്യമേഖല തുടരണമെന്നു" അടുത്ത ദിവസം 'കേരള ഭക്ഷ്യോപദേശകസമിതി' കേന്ദ്രഗവണ്മെൻറിനോടഭ്യർത്ഥിക്കുന്ന ഒരു പ്രമേയം പാസാക്കി അയച്ചുവോ ;

(ബി) കേന്ദ്രം അടുത്ത ദിവസം അൻപതിനായിരം ടൺ അരി കേരളത്തിനു" അനുവദിക്കുകയുണ്ടായോ ;

(സി) ഈ രാജ്യത്തു" ഇപ്പോഴും ന്യായവില ഷാപ്പുകൾവഴി അരി വിതരണം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രവീതം ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്"):

(എ) അയച്ചു.

(ബി) അനുവദിക്കുകയുണ്ടായി.

(സി) ഇപ്പോഴും ഒരാഴ്ചയിൽ ഒരു കാർഡിനു" ഒരിടങ്ങഴി അരി വീതം വിതരണം നടത്തുന്നു.

ശ്രീ. കെ. എം. ജോർജ്ജ്" : ഭക്ഷ്യമേഖല എടുത്തുകളയണമെന്നു" ഈ ഗവണ്മെൻറു" ഔദ്യോഗികനിലയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ്": എടുത്തുകളയരുതെന്നു" അറിയിച്ചിട്ടുണ്ടു".

ശ്രീ. കെ. എം. ജോർജ്ജ്" : ഭക്ഷ്യമേഖല വേണമെന്നു" പറയുകയും, വേണ്ടിവന്നാൽ വെളിയിൽനിന്നും അരി വാങ്ങാനുള്ള അനുവാദം വേണമെന്നു" ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ്": പുറത്തുനിന്നും അരി തരാമെന്നു ചില കച്ചവടക്കാർ സമ്മതിച്ചതിനു" അനുവാദത്തിനായി കേന്ദ്രത്തിലേക്കു" എഴുതിയിരുന്നു.

ശ്രീ. കെ. എം. ജോർജ്ജ്": ഭക്ഷ്യമേഖലയിൽ സ്റ്റോറിൽനിന്നും എത്ര പേർ ഔദ്യോഗികനിലയിൽ അംഗങ്ങളായിട്ടുണ്ടു"?

ശ്രീ. കെ. സി. ജോർജ്ജ്" : ഇതിനെപ്പറ്റി വളരെ വിശദമായി ഇന്നലെ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞതാണു". അതിന്റെ വിവരം ഇപ്പോൾ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവ : ദക്ഷിണമേഖല കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നു ഗവണ്മെന്റിനു ബോധ്യമുണ്ടോ ?

മി. സ്പീക്കർ : അതിനും മറുപടി പറഞ്ഞിട്ടുള്ളതാണു്.

മന്ത്രി ശ്രീ. കൃഷ്ണയ്യരെ കയ്യേറ്റം ചെയ്തതായ പത്രവാർത്ത.

* 1458. [16] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മാസം 4–ാം തീയതി കൊല്ലത്തുവച്ചു്, പോലീസു് വകുപ്പു മന്ത്രി ശ്രീ. കൃഷ്ണയ്യരെ ആരോ കയ്യേറ്റം ചെയ്തതായി പത്രങ്ങളിൽ കണ്ട വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ചു് പോലീസു്, കേസു രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണു് ; പ്രതികൾ എത്ര ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) സെക്ഷൻ 353 അനുസരിച്ചു്, പ്രതി ഒരാൾ മാത്രം.

ശ്രീ. എം. നാരായണക്കുറുപ്പു് : നിയമമന്ത്രിയുടെ പേരിൽ നടന്ന അക്രമവും പോർട്ടഫോളിയോ മാറ്റവും തമ്മിൽ വല്ല ബന്ധവുമുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

ശ്രീ. പി. ടി. ചാക്കോ : സർ, ഈ സംബന്ധിച്ചു് നിയമമന്ത്രിയുടെ പിടലിക്കു് അടിച്ചതായി ആദ്യം കേസു് എടുക്കുകയും, അതിനെ സംബന്ധിച്ചു് സാക്ഷികളുടെ മൊഴി കേസു ഡയറിയിൽ റിക്കാർഡു ചെയ്യുകയും ചെയ്തതിനുശേഷം, ഗവണ്മെന്റിൽ ആരുടേയോ പ്രേരണ നിമിത്തം തല്ലാൻ ഓങ്ങി എന്ന മട്ടിൽ കേസു മാറ്റുകയും, കേസുഡയറിയിലെ സ്റ്റേറ്റുമെന്റുകൾ തിരുത്തുകയും ചെയ്തിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : നോട്ടീസു വേണം.

ശ്രീ. കെ. എം. ജോർജ്ജു് : ഈ കേസിനെ തുടർന്നു് കൊല്ലം, ചവറ ഏരിയായിലുള്ള എത്ര പോലീസു് ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിയിട്ടുണ്ടു് ?

ശ്രീ. സി. അച്യുതമേനോൻ: എത്ര എന്ന ചോദ്യത്തിനു വകയുണ്ടെന്നു തോന്നുന്നില്ല; ഒരു പോലീസു് ഇൻസ്പെക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടു്. അതും ഈ കാരണത്താൽ ആണോ എന്നു നിശ്ചയമില്ല.

ശ്രീ. കെ. എം. ജോർജ്ജു് : ഇന്നലെ ഒരു ചോദ്യത്തിൽ ഉന്നയിച്ചിരുന്ന ഒരു തൊഴിലാളിയുടെ ലോറിമുട്ടിയുള്ള മരണംസംബന്ധിച്ച കേസിൽ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ?

ശ്രീ സി. അച്യുതമേനോൻ : അതിനു് ഇന്നലെ ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly